**പതിമൂന്നാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3042 — 13.10.2011-ൽ മറുപടിയ്ക്ക്

**<u>ആരാധനാലയങ്ങളിൽ മോഷണം</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മോഷണവും കവർച്ചയും തടയുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; അന്യസംസ്ഥാനത്തുനിന്നുള്ള മോഷണസംഘങ്ങളാണ് ഇതിന്റെ പിന്നിൽ മുഖ്യമായിട്ടുള്ളത് എന്ന നിലയിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ? | മോഷണവും കവർച്ചയും തടയുന്നതിനായി ശക്തമായ പോലീസ് പട്രോളിംഗ് സംവിധാനം രാത്രിയിലും പകലും ഏർപ്പെടുത്തിയിട്ടുള്ളതും ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമായതിലൂടെ പൊതുജന പങ്കാളിത്തത്തോടുകൂടി അപരിചിതരെ നിരീക്ഷിക്കുകയും സംശയമുള്ളവരെ ചോദ്യം ചെയ്യുകയും അതുവഴി മോഷണവും കവർച്ചയും തടയുവാൻ സാധിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും വന്ന് തൊഴിൽ ചെയ്യുന്നവരെ തിരിച്ചറിയുകയും അവർ ജോലി ചെയ്യുന്ന ബന്ധപ്പെട്ട ഏജൻസി/സ്ഥാപനം വഴി തിരിച്ചറിയൽ കാർഡുകൾ നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ സന്ദർഭങ്ങളിൽ അന്യസംസ്ഥാനത്തു നിന്നും ജോലി തേടി എത്തുന്നവരെക്കുറിച്ച് അവരവരുടെ സംസ്ഥാനങ്ങളിലെ പോലീസ് അധികാരികളിൽ നിന്നും വിവര ശേഖരണം നടത്തി വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ മോഷണവും, അന്യസംസ്ഥാനത്തുനിന്നുള്ളവർ നടത്തുന്ന മോഷണവും കവർച്ചയും ഫലപ്രദമായി തടയുവാൻ സാധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.